കേൾക്കേണ്ട ശബ്ദം:

ഈ നാടിന് വയലല്ല, വയലൻസാണ് ചേർച്ച. വയൽക്കിളികൾ തലതല്ലി മരിച്ചാലും കൊലക്കിളികൾ (കിളികൾ ക്ഷമിക്കുക) അന്യം നിന്നുപോകരുത്.

– **ജെ.പി.**

(മനോരമ 'മിസ്ഡ് കോൾ')

മക്തബ്

1193 കുംഭം 28 1439 ജ. ആഖിർ 24

വ്യക്തി സ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കുന്ന വിധി

ഹാദിയ- ഷഫീൻ ജഹാൻ വിവാഹബന്ധം സാധുവാക്കി പ്രഖ്യാപിച്ച സുപ്രീംകോടതി വിധി വ്യക്തിസ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കുന്നതാണ്. പ്രായപൂർത്തിയായ ഒരു യുവതിക്ക് തന്റെ ജീവിത പങ്കാളിയെ തിരഞ്ഞെടുക്കാനുള്ള അവകാശമാണ് ഇതിലൂടെ സുപ്രീംകോടതി സ്ഥാപിച്ചത്. ഒരാൾ ക്രിമിനലാകട്ടെ, തീവ്രവാദ ബന്ധമുള്ള ആളാകട്ടെ, ആരുമായി കൊള്ളട്ടെ, അയാളെയാണ് തനിക്ക് വിവാഹം കഴിക്കേണ്ടതെന്ന് പ്രായപൂർത്തിയായ യുവതി തീരുമാനിച്ചാൽ അത് അംഗീകരിക്കുക എന്നതാണ് ഇന്ത്യയിലെ നിയമവ്യവസ്ഥ. ക്രിമിനൽ, തീവ്രവാദി തുടങ്ങിയ കാര്യങ്ങളിൽ നിയമപരമായ നടപടിയാകാം. പക്ഷെ, അതൊരിക്കലും ഒരാളുടെ വിവാഹത്തിന് തടസമാകുന്ന ഘടകമല്ല.

തീർച്ചയായും തന്റെ മകൾ തങ്ങൾക്ക് ഇഷ്ടമില്ലാത്ത വിവാഹ ബന്ധത്തിൽ ഏർപ്പെടുന്നത് മാതാപിതാക്കൾക്ക് സങ്കടമുളവാക്കുന്ന കാര്യമാണ്. അക്കാര്യം മക്കളെ ബോധ്യപ്പെടുത്താൻ ശ്രമിച്ചിട്ടും ഫലം കാണുന്നില്ലെങ്കിൽ അവളെ/അവനെ അവരുടെ പാട്ടിന് വിടുക എന്നതാണ് മര്യാദ. അതിനു പകരം ഹാദിയ പ്രശ്നത്തെ കോടതിയുടെ മുമ്പാകെ വലിച്ചിഴച്ച് സമൂഹത്തിൽ മതവിഭജനത്തെ ആഴത്തിലാക്കുന്ന അവസ്ഥയാണ് സൃഷ്ടിച്ചത്. ഹാദിയ പലതവണ വ്യക്തമാക്കിയിട്ടുണ്ട്, താൻ സ്വന്തം ഇഷ്ട പ്രകാരമാണ് ഇസ്ലാംമതം സ്വീകരിച്ചതെന്ന്. ഈ ഇഷ്ടം രൂപപ്പെടുത്തുന്നതിന് പിറകിൽ മതപരിവർത്തനത്തോടെ പ്രവർത്തിക്കുന്ന ശക്തികൾക്ക് ബന്ധമുണ്ടോയെന്ന കാര്യവും അന്വേഷിക്കാവുന്നതാണ്. എന്നാൽ ഷഫിനാണ് തന്റെ ഭർത്താവെന്നും അയാൾക്കൊപ്പമാണ് ജീവിക്കേണ്ടതെന്നും ആവർത്തിച്ച് പറഞ്ഞിട്ടും വിവാഹം റദാക്കാൻ നടത്തിയ നിയമയുദ്ധം അനുചിതമായില്ല. ഇക്കാര്യം എല്ലാവരും ഓർത്തുവെക്കേണ്ടതാണ്. വ്യക്തികൾ അവരുടെ വിശ്വാസങ്ങൾക്കും ആഗ്രഹങ്ങൾക്കും അനുസരിച്ച് ജീവിക്കട്ടെ. അത് നിയമവ്യവസ്ഥക്ക് വിരുദ്ധമല്ലാത്ത കാലത്തോളം അതിൽ സമൂഹമോ, മറ്റ് ഏതെങ്കിലും സംവിധാനമോ ഇടപെടാതിരിക്കട്ടെ. മതമോ, രാഷ്ട്രീയമോ ഒന്നും മനുഷ്യബന്ധങ്ങൾക്കിടയിൽ മതിൽക്കെട്ടുകൾ തീർക്കാതിരിക്കട്ടെ. സമൂഹത്തിന്റെ സ്വസ്ഥ ജീവിതത്തിന് അഭികാമ്യം അതാണ്.

മതപരമായ പ്രശ്നം എന്നതിനപ്പുറം ഹാദിയക്കേസ് ജനാധിപത്യവിരുദ്ധമായ കുടുംബ സംവിധാനത്തിന്റെയും പുരുഷാധിപത്യത്തിന്റെയും വിഷയങ്ങൾ മുന്നോട്ടുവെക്കുന്നുണ്ട്. എന്നാൽ മതപരമായ തർക്കം എന്നതിനപ്പുറം സമൂഹം ഈ വിഷയങ്ങൾ ചർച്ച ചെയ്യാൻ മുതിർന്നതുമില്ല.

ഹാദിയയുടെ വിവാഹം റദാക്കിക്കൊണ്ടുള്ള കേരള ഹൈക്കോടതി വിധിയിൽ, " അവൾ 24 വയസുള്ള പെൺകുട്ടിയാണ് എന്നത് കണക്കിലെടുത്താൽ അവളുടെ മാതാപിതാക്കൾക്കൊപ്പം മാത്രമാണ് സുരക്ഷിതയാവുന്നത്... അവളുടെ വിവാഹം ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട തീരുമാനമാണെന്നതിനാൽ മാതാപിതാക്കളുടെ സജീവ ഇടപെടലുകളിലൂടെ മാത്രമേ തീരുമാനം എടുക്കാൻ പാടുള്ളൂ" തുടങ്ങിയ പരാമർശങ്ങളുണ്ട്. ഇത് മനുസ്മൃതിയുടെ നിലപാടിനെ ഓർമ്മിപ്പിക്കുന്നുണ്ട്. ഇത് പെൺകുട്ടികൾക്ക് മാത്രം ബാധകമായ കാര്യമാണോ. ആൺകുട്ടികൾക്ക് 24 വയസായാൽ മാതാപിതാക്കൾക്കൊപ്പം മാത്രമാണ് സുരക്ഷിതത്വം എന്ന് പറയുമോ. സ്ത്രീ ഒരിക്കലും സ്വതന്ത്രയല്ലെന്നും ചെറുപ്പത്തിൽ പിതാവിന്റെയും വിവാഹിതയായാൽ ഭർത്താവിന്റെയും സംരക്ഷണയിലും വളരേണ്ടവളാണെന്ന ചിന്ത തന്നെയാണ് ഈ വാക്കുകൾ പ്രസരിപ്പിക്കുന്നത്. മാത്രമല്ല സ്ത്രീയുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം വിവാഹമാണെന്ന് സ്ഥാപിക്കുകയും ചെയ്യുന്നു. സ്ത്രീയുടെ പഠനമോ, ജോലിയോ ഒന്നുമല്ല അവളുടെ ജീവിതത്തിലെ പ്രധാനപ്പെട്ട കാര്യം. മറിച്ച് വിവാഹം കഴിക്കുക, പ്രസവിക്കുക, കുട്ടികളെ പോറ്റി വളർത്തുക തുടങ്ങിയ സവർണ്ണ- വരേണ്യ ബോധം തന്നെയാണിത്. സ്ത്രീക്ക് സ്വാതന്ത്ര്യത്തിന് അധികാരമില്ലെന്ന് അടിവരയിടുകയാണ് ചെയ്തത്.

എന്താണ് കുടുംബത്തിന്റെ ഐഡന്റിറ്റി. അത് ജാതിപരവും മതപരവും മാത്രമാണോ. ജാതിയും മതവും കുടുംബമഹിമയും ഒക്കെ പരിഗണിച്ച് രക്ഷിതാക്കൾ നിശ്ചയിക്കുന്ന വിവാഹത്തിന് കഴുത്ത് നീട്ടി കൊടുക്കൽ മാത്രമാണോ പെൺജന്മങ്ങൾക്ക് വിധിച്ചിട്ടുള്ളത്. രക്ഷിതാക്കൾക്ക് യോജിപ്പില്ലാത്ത ഒരാളെ പെൺകുട്ടി ജീവിത പങ്കാളിയായി തിരഞ്ഞെടുത്താൽ അവരുടെ ജീവിതത്തിൽ ഇടപെടാൻ രക്ഷിതാക്കൾക്ക് അനുമതി നൽകുന്ന ഭയാനകമായ അവസ്ഥക്കായിരുന്നു കേരള ഹൈക്കോടതി വിധി വഴി തുറന്നത്. അത് മിശ്ര വിവാഹത്തെ അടക്കം തടയുകയാണ് ചെയ്യുക. അതിലൂടെ കുടുംബഘടനയെ ജാതിയിലും മതത്തിലും ഉറപ്പിച്ചു നിർത്തുകയും കുടുംബത്തിന്റെ ജനാധിപത്യവൽക്കരണത്തിന് , അതിലൂടെ സമൂഹത്തിന്റെ ജനാധിപത്യവൽക്കരണത്തിന് തടസം നിൽക്കുന്ന ഘടകമായി അതിനെ സ്ഥാപിക്കുകയും ചെയ്യുന്ന അവസ്ഥ സംജാതമാവുകയും ചെയ്യുമായിരുന്നു. സുപ്രീംകോടതി വിധി സമൂഹത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് തടസമായി നിൽക്കുന്ന ഘടകങ്ങളെയാണ് അസാധുവാക്കിയത്. ഈ വിധിയുടെ ഏറ്റവും വലിയ പ്രാധാന്യം അതാണ്.

സോളിഡാരിറ്റി മാധ്യമ അവാർഡ്; എൻട്രികൾ ക്ഷണിച്ചു

കോഴിക്കോട്: വികസനം, പരിസ്ഥിതി, മനുഷ്യാവകാശം, സാമൂഹ്യ സൗഹാർദം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് മലയാള പത്രങ്ങളിലും ടെലിവിഷൻ ചാനലുകളിലും പ്രസിദ്ധീകരിച്ച മികച്ച റിപ്പോർട്ടുകൾക്കും ഡോക്യുമെന്ററി ചിത്രങ്ങൾക്കും സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ് അവാർഡ് നൽകുന്നു. 2017 ജനുവരി ഒന്നിനും ഡിസംബർ 31നും ഇടയിൽ മലയാള ദിന പത്രങ്ങളിൽ / ചാനലുകളിൽ പ്രസിദ്ധീകരിച്ച പ്രത്യേക വാർത്തകളും ഫീച്ചറുകളും ഡോക്യുമെന്ററി ചിത്രങ്ങളുമാണ് അവാർഡിന് പരിഗണിക്കുക. പതിനായിരം രൂപയും പ്രശസ്തി പത്രവുമടങ്ങുന്നതാണ് അവാർഡ്. എൻട്രികൾ മൂന്ന് കോപ്പി വീതം ബയോഡാറ്റയും ഫോട്ടോയും സഹിതം മീഡിയാ സെക്രട്ടറി, സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ്, പി.ബി. നമ്പർ 833, ഹിറാ സെന്റർ, മാവൂർ റോഡ് കോഴിക്കോട്, പിൻ 673004, ഫോൺ: 0495 4011788, 9747551695 എന്ന വിലാസത്തിൽ മാർച്ച് 30നകം ലഭിക്കണം.

വാർഷികാഘോഷവും യാത്രയയപ്പ് സമ്മേളനവും 17ന്

കൊട്ടക്കാനം: കൊട്ടക്കാനം എ.യു.പി സ്കൂളിലെ വാർഷികാഘോഷവും സർവീസിൽ നിന്നും വിരമിക്കുന്ന അധ്യാപകർക്കുള്ള യാത്രയയപ്പ് സമ്മേളനവും 17ന് വൈകുന്നേരം 5 മണി മുതൽ നടക്കും. 5 മണിക്ക് നൃത്തനൃത്യങ്ങൾ. 7 മണിക്ക് നടക്കുന്ന യാത്രയയപ്പ് സമ്മേളനം കില മുൻ ഡയറക്ടർ ഡോ.പി.പി.ബാലൻ ഉദ്ഘാടനം ചെയ്യും. പി.ടി.എ പ്രസിഡണ്ട് കെ.കെ.പി.അബൂബക്കർ അധ്യക്ഷതയും തളിപ്പറമ്പ് നോർത്ത് ബി.പി.ഒ എസ്.പി.രമേശൻ മുഖ്യപ്രഭാഷണവും നടത്തും. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് എം.മൈമൂനത്ത് ഉപഹാര സമർപ്പണവും തളിപ്പറമ്പ് നോർത്ത് എ.ഇ.ഒ കെ.പി.പുരുഷോത്തമൻ സമ്മാനദാനവും നിർവഹിക്കും. വി.വി.മാധവി ടീച്ചർ, പി.ജെ.മാത്യു, പി.കെ.സത്യൻ, പ്രമീള രാജൻ, എം.ലക്ഷ്മണൻ, ഇന്ദിര ദാസൻ, ടി.വി. പത്മനാഭൻ തുടങ്ങിയവർ സംസാരിക്കും. ഹെഡ്മാസ്റ്റർ പി.ചന്ദ്രശേഖരൻ സ്വാഗതവും സ്റ്റാഫ് സെക്രട്ടറി സി.ബാലകൃഷ്ണൻ നന്ദിയും പറയും. തുടർന്ന് വിവിധ കലാപരിപാടികൾ നടക്കും.

മണക്കടവ് മഹാവിഷ്ണു ക്ഷേത്രത്തിൽ ഉത്സവം 26 മുതൽ

ആലക്കോട്: മണക്കടവ് മഹാവിഷ്ണു ക്ഷേത്രത്തിലെ ആറ് ദിവസം നീണ്ടുനിൽക്കുന്ന ഉത്സവം 26 മുതൽ 31 വരെ നടക്കും. ഉത്സവത്തിന് മുന്നോടിയായി 25ന് വൈകുന്നേരം അഞ്ച് മണിക്ക് കാരിക്കയത്ത് നിന്ന് ക്ഷേത്രത്തിലേക്ക് കലവറ നിറയ്ക്കൽ ഘോഷയാത്ര നടക്കും. ഒന്നാം ഉത്സവദിനമായ 26ന് രാവിലെ 10.30ന് കൊടിമര ഘോഷയാത്ര. വൈകുന്നേരം അഞ്ചിന് നടതുറക്കൽ, ദീപാരാധന, രാത്രി എട്ടിന് കൊടിയേറ്റ്, തുടർന്ന് തിരുവാതിര, ഭജന, 27ന് രാവിലെ എട്ട് മണിക്ക് ശ്രീഭൂതബലി, ശ്രീവേലി, രാത്രി ഏഴിന് തായമ്പക, എട്ട് മണിക്ക് കരോക്കെ ഗാനമേള. മൂന്നാം ഉൽസവ ദിനമായ 28ന് രാവിലെ 10.30ന് ആയില്യപൂജ, രാത്രി 7.30ന് മേളം, എട്ടിന് നൃത്തനൃത്യങ്ങൾ. 29ന് രാവിലെ ഒമ്പതിന് മേളം, പത്ത് മണിക്ക് ഉച്ചപൂജ, രാത്രി 7.30ന് സർപ്പബലി, 9.30ന് ഗാനമഞ്ജരി. 30ന് രാവിലെ 7.30ന് നാരായണീയ പാരായണം, രാത്രി ഏഴിന് മേളം, 7.45ന് ഗുരുതി, എട്ടിന് നൃത്താഞ്ജലി, 8.15ന് പള്ളിവേട്ട, 8.30ന് സംഗീത കച്ചേരി, ആറാട്ട് ദിനമായ 31ന് രാവിലെ ഒമ്പത് മണിക്ക് ഗോക്കടവ് ചന്ദ്രശേഖരൻ നായർ ആദ്ധ്യാത്മിക പ്രഭാഷണം നടത്തും. വൈകുന്നേരം നാല് മണിക്ക് ആറാട്ടുബലി, രാത്രി ഏഴിന് സംഗീത സദസ്, 8.30ന് മണക്കടവ് ടൗൺ പന്തലിൽ പറയെടുപ്പ്, പാണ്ടിമേളം, ഒമ്പത് മണിക്ക് ആറാട്ട് തിരിച്ചുവരവ്. തുടർന്ന് കണ്ണൂർ ശ്രീരഞ്ജിനി ഓർക്കസ്ട്ര അവതരിപ്പിക്കുന്ന ഗാനമേള, ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ കൈമുക്ക് വൈദികൻ ജാതവേദൻ നമ്പൂതിരിപ്പാടിന്റെ മുഖ്യകാർമ്മികത്വത്തിലാണ് ഉത്സവ ചടങ്ങുകൾ നടക്കുകയെന്ന് ക്ഷേത്ര കമ്മിറ്റി ഭാരവാഹികളായ ടി.വി. വിനോദ്, ബിജു വെട്ടിക്കാട്ട്, കെ.ബി. അനിൽകുമാർ, കെ.ജി. സതീഷ്കുമാർ എന്നിവർ അറിയിച്ചു. ഉത്സവദിനങ്ങളിൽ അന്നദാനവുമുണ്ടായിരിക്കും.

വികസന സെ
2018-19 വാർഷ

ആന്തൂർ നഗരസഭ വികസന സെമിനാർ എം.വി. ഗോവിന്ദൻ മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു

ആന്തൂർ നഗരസഭ വികസന സെമിനാർ

ആന്തൂർ: ആന്തൂർ നഗരസഭ ജനകീയാസൂത്രണം 2018-19 വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി നടത്തിയ വികസന സെമിനാർ മുൻ എം.എൽ.എ എം.വി. ഗോവിന്ദൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. നഗരസഭാ ചെയർപേഴ്സൺ പി.കെ. ശ്യാമള ടീച്ചർ അധ്യക്ഷത വഹിച്ചു. വികസന മിഷനുകളെ കുറിച്ച് നഗരസഭാ ആസൂത്രണ സമിതി വൈസ് ചെയർമാൻ കെ. ദാമോദരൻ മാസ്റ്റർ സംസാരിച്ചു. കരട് പദ്ധതി നിർദേശങ്ങൾ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി.പി. ഉഷ അവതരിപ്പിച്ചു. നഗരസഭ വൈസ് ചെയർമാൻ കെ. ഷാജു, കെ. രവീന്ദ്രൻ, കെ.പി. ശ്യാമള, വി. പുരുഷോത്തമൻ, എ പ്രിയ, കൗൺസിലർമാരായ കെ. കുഞ്ഞപ്പ, മുജീബ് റഹ്മാൻ, സി.പി.ഐ നേതാവ് പി. ബാലൻ നമ്പ്യാർ, കോൺഗ്രസ് മണ്ഡലം പ്രസിഡണ്ട് എ.എൻ. ആന്തൂരാൻ, സി.ഡി.എസ്. ചെയർപേഴ്സൺ വസന്തകുമാരി സംസാരിച്ചു. നഗരസഭാ സെക്രട്ടറി എം. കെ. ഗിരീഷ് സ്വാഗതവും പ്ലാൻ അസിസ്റ്റന്റ് കോ-ഓഡിനേറ്റർ എ. രാധാകൃഷ്ണൻ നന്ദിയും പറഞ്ഞു.

വനിതാ ദിനത്തിൽ എള്ളരിഞ്ഞി സ്കൂൾ കുട്ടികൾ കൂട്ടുംമുഖത്തെ കുഞ്ഞാതി മുത്തശിയെ ആദരിച്ചപ്പോൾ

നാട്ടു മുത്തശിമാർക്ക് സ്നേഹാദരം

ശ്രീകണ്ഠപുരം: കൂട്ടുംമുഖം പ്രദേശത്തെ നാട്ടു മുത്തശിമാർക്ക് എള്ളരിഞ്ഞി സ്കൂളിലെ വിദ്യാർത്ഥികളുടെ ആദരം. അന്താരാഷ്ട്ര വനിതാ ദിനാചരണത്തിന്റെ ഭാഗമായാണ് പരിപാടി നടത്തിയത്. 102 വയസ് തികഞ്ഞ കുഞ്ഞാതി, 108 വയസ് തികഞ്ഞ കല്യാണിയമ്മ എന്നിവരെ അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് പൊന്നാടയണിയിച്ച് ആദരിച്ചു. സീനിയർ അസിസ്റ്റന്റ് പി. ഗീത, പി. രാജേഷ്, എം.സി. ശ്രീജിത്ത്, പി.വി. അനിതകുമാരി, മദർ പി.ടി.എ പ്രസിഡണ്ട് ജിജി ബാലകൃഷ്ണൻ, സ്കൂൾ ലീഡർ കെ.ടി. അശ്വതി എന്നിവർ നേതൃത്വം നൽകി.

തൃച്ചംബരത്ത് ഇന്ന്

തളിപ്പറമ്പ: തൃച്ചംബരം ശ്രീകൃഷ്ണ ക്ഷേത്രത്തിൽ ഇന്ന് രാത്രി ഒമ്പത് മണി മുതൽ പത്ത് മണി വരെ പയ്യന്നൂർ പഞ്ചവാദ്യ സംഘത്തിന്റെ പഞ്ചവാദ്യം, പത്ത് മണി മുതൽ 11.30 വരെ കൂത്തുപറമ്പ് കലാമണ്ഡലം മഹേന്ദ്രൻ അവതരിപ്പിക്കുന്ന രാമാനുചരിതം കഥ ഓട്ടൻതുള്ളൽ, രാത്രി 11.30 മുതൽ സംസ്കാര നൃത്ത സംഗീത വിദ്യാലയം അവതരിപ്പിക്കുന്ന നൃത്തനൃത്യങ്ങൾ, രാത്രി ഒരു മണിക്ക് തായമ്പക, രാത്രി 7.30 മുതൽ പൂക്കോത്ത് നടയിൽ നാടകം- ചാറ്റൽ മഴയത്ത്, പുലർച്ചെ പൂക്കോത്ത് നടയിലേക്ക് ഉത്സവം എഴുന്നള്ളിപ്പ്.

ഏരുവേശി പഞ്ചായത്ത് കിളിക്കൊഞ്ചൽ ശിൽപ്പശാല വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സോജൻ കാരാമയിൽ ഉദ്ഘാടനം ചെയ്യുന്നു.

'കിളിക്കൊഞ്ചൽ' സംഘടിപ്പിച്ചു

ശ്രീകണ്ഠപുരം: ഏരുവേശി പഞ്ചായത്തിലെ എൽ.പി വിഭാഗം കുട്ടികൾക്കായുള്ള വിദ്യാരംഗം ശിൽപ്പശാല 'കിളിക്കൊഞ്ചൽ' നടത്തി. ഏരുവേശി ഗവ. യു.പി സ്കൂളിൽ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സോജൻ കാരാമയിൽ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് അംഗം കെ. സുധീഷ് അധ്യക്ഷത വഹിച്ചു. ബി.പി.ഒ. ടി.വി. പവിത്രൻ, പ്രഥമാധ്യാപകൻ പി.വി. വിജയൻ, എസ്.എം.സി. ചെയർമാൻ പി. ശശികുമാർ, മോളി സിബി, ശിഹാബ് പുള്ളുക്കൂൽ, ടി.വി. ദിനേശൻ, ആർ.എം. മഹേഷ്കുമാർ, ഫാൻസി ജോർജ്, കെ.വി. ബാലകൃഷ്ണൻ എന്നിവർ സംസാരിച്ചു. അഭിനയം, കഥ- കവിത, ചിത്രരചന എന്നീ വിഷയങ്ങളിൽ എം.വി. രമണി, ടി.വി. ദിനേശൻ, പി.വി. പവിത്രൻ, പി. ശശികുമാർ എന്നിവർ ക്ലാസെടുത്തു.

കാർത്തികപുരം: എൽ.കെ.ജി, യു.കെ.ജി, അംഗൻവാടി കുട്ടികളുടെ ബാലോത്സവം കാർത്തികപുരം ജി.വി.എച്ച്.എസ്.എസിൽ നടന്നു. ഉദയഗിരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് മിനി മാത്യു ഉദ്ഘാടനം ചെയ്തു. സ്കൂൾ പ്രിൻസിപ്പാൾ കെ.പി.സൗദാമിനി അധ്യക്ഷത വഹിച്ചു. എം.എസ്.ബീഗം നിസ, ജോൺസൺ മാട്ടേൽ, കെ.എസ്.മധു സംസാരിച്ചു. മുതുശേരി, കാർത്തികപുരം, ചെക്കുറിഞ്ഞി, പെരുമുണ്ടത്തട്ട് എന്നീ അംഗനവാടികളിലെ കുട്ടികളും കാർത്തികപുരം ജി.വി.എച്ച്.എസ്.എസിലെ പ്രീ പ്രൈമറി കുട്ടികളും ബാലോത്സവത്തിൽ പങ്കെടുത്തു. അധ്യാപകരായ പി. ജി.മിനിമോൾ, ടി.പി.അന്നമ്മ, സുരേഷ് ബാബു, ടി.എ.റാണിമോൾ ആന്റണി. ടി.കെ.പ്രകാശൻ, സി.എൻ.രവീന്ദ്രൻ നായർ, രാഹുൽ കൃഷ്ണൻ, അനീഷ് തോമസ്, ഷാജു മാസ്റ്റർ നേതൃത്വം നൽകി.

കണ്ണൂർ ജില്ലാ ഭരണ കൂടത്തിന്റെ ഔദ്യോഗിക മൊബൈൽ ആപ്ലിക്കേഷൻ

ജില്ലയിലെ സർക്കാർ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തി ജില്ലാ ഭരണകൂടം തയ്യാറാക്കിയ 'വി ആർ കണ്ണൂർ' മൊബൈൽ ആപ്പ് മുഖ്യമന്ത്രി പിണറായി വിജയൻ ലോഞ്ച് ചെയ്യുന്നു

കാർത്തികപുരം ക്ഷേത്രത്തിൽ ലക്ഷംദീപം സമർപ്പണം 24ന്

ആലക്കോട്: കാർത്തികപുരം ധർമ്മശാസ്താ ക്ഷേത്രത്തിൽ ലക്ഷംദീപം സമർപ്പണം 24ന് വൈകുന്നേരം 5.30ന് നടക്കുമെന്ന് ക്ഷേത്ര കമ്മിറ്റി ഭാരവാഹികളായ വി.വി. അയ്യപ്പൻ നായർ, വിനോദ് ഇടവക്കേടത്ത്, കെ.എസ്. മുരളി, കെ.ആർ. മോഹനൻ, സോമശേഖരൻ കൊന്നാങ്കൽ, കെ.ജി. മോഹൻദാസ് എന്നിവർ അറിയിച്ചു. ക്ഷേത്രം തന്ത്രി ഇടവലത്ത് പുടയൂർ കുബേരൻ നമ്പൂതിരിപ്പാട് മുഖ്യകാർമ്മികത്വം വഹിക്കും.

പട്ടുവം പഞ്ചായത്ത് വികസന സെമിനാർ തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ടി.ലത ഉദ്ഘാടനം ചെയ്യുന്നു

പട്ടുവം ഗ്രാമപഞ്ചായത്ത് വികസന സെമിനാർ

പട്ടുവം: ഗ്രാമപഞ്ചായത്തിന്റെ വികസന സെമിനാർ തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ടി.ലത ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് ആനക്കീൽ ചന്ദ്രൻ അധ്യക്ഷത വഹിച്ചു. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ വി.വി.ചന്ദ്രൻ കരട് പദ്ധതി രേഖ അവതരിപ്പിച്ചു. അൻസാരി തില്ലങ്കേരി, പി.ഷീജ, പി.ഭാർഗവൻ, സി.എം.ലളിത. വി.ഷീമ, പി.ബാലകൃഷ്ണൻ, മീത്തൽ കരുണാകരൻ സംസാരിച്ചു.

വീട്ടുമുറ്റ ചർച്ച അഭിലാഷ് മോഹൻ ഉദ്ഘാടനം ചെയ്യും

ആലക്കോട്: ആലക്കോട് സർഗ്ഗവേദി-റീഡേഴ്സ് ഫോറം ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന വീട്ടുമുറ്റ ചർച്ച 18ന് വൈകുന്നേരം മൂന്ന് മണിക്ക് കമ്മ്യൂണിറ്റി ഹാളിന് സമീപത്തെ എ.ആർ.പ്രദീപിന്റെ വീട്ടുമുറ്റത്ത് നടക്കും. നവ മുഖ്യധാര മാധ്യമങ്ങളുടെ നൈതികത എന്ന വിഷയത്തിലുള്ള ചർച്ച റിപ്പോർട്ടർ ചാനൽ ന്യൂസ് എഡിറ്റർ അഭിലാഷ് മോഹൻ ഉദ്ഘാടനം ചെയ്യും. സാമൂഹ്യ-സാംസ്കാരിക-മാധ്യമ പ്രവർത്തകർ പങ്കെടുക്കും.

ത്രിപുരയിൽ CPM നെതിരെ RSS ഉം BJP യും നടത്തുന്ന തേർവാഴ്ചയിൽ
പ്രതിഷേധിക്കുക
LDF
ആലക്കോട് AC

ത്രിപുരയിലെ ബി.ജെ.പി അക്രമങ്ങൾക്കെതിരെ എൽ.ഡി.എഫ് ആലക്കോട് നടത്തിയ പ്രതിഷേധ പ്രകടനം.

എൽ.ഡി.എഫ് പ്രതിഷേധ പ്രകടനവും പൊതുയോഗവും

ആലക്കോട്: ത്രിപുരയിലെ ഇടതുപക്ഷ പ്രവർത്തകർക്കും, സി.പി.എം ഓഫീസുകൾക്കും നേരെ നടക്കുന്ന ബി.ജെ.പി അക്രമത്തിൽ പ്രതിഷേധിച്ച് എൽ.ഡി.എഫ് ഏരിയാ കമ്മിറ്റി ആഭിമുഖ്യത്തിൽ ആലക്കോട് ടൗണിൽ നൂറുകണക്കിന് പ്രവർത്തകർ പങ്കെടുത്ത പ്രകടനവും പൊതുയോഗവും നടന്നു. പ്രതിഷേധ പൊതുയോഗം കെ.എം. ജോസഫ് ഉദ്ഘാടനം ചെയ്തു. സി.പി. സോമൻ അധ്യക്ഷത വഹിച്ചു. എം. കരുണാകരൻ, വി.ജി. സോമൻ, മനു തോമസ്, എം.പി. ജോയി പ്രസംഗിച്ചു. പി.വി. ബാബുരാജ് സ്വാഗതം പറഞ്ഞു. എൻ.എം. രാജു, ടി. പ്രഭാകരൻ, കെ.പി. സാബു, കെ. സജി, എം.എസ്. മിനി ടീച്ചർ, സാജു ജോസഫ്, വി.എ. അപ്പച്ചൻ, കെ.ബി. ചന്ദ്രൻ, സാജൻ കെ. ജോസഫ്, കെ.എസ്. ചന്ദ്രശേഖരൻ, പി.എം. മോഹനൻ, പി. പ്രേമലത, ഷൈൻകുമാർ പ്രകടനത്തിന് നേതൃത്വം നൽകി.

NATHUL ISLAM
TALIPARAMBA

ഖുവ്വത്തുൽ ഇസ്ലാം മദ്രസയിൽ ചേർന്ന സ്വാഗതസംഘം രൂപീകരണ യോഗം ബ്ലാത്തൂർ അബ്ദുറഹ്മാൻ ഹൈത്തമി ഉദ്ഘാടനം ചെയ്യുന്നു.

സയ്യിദ് നഗറിൽ മതപ്രഭാഷണം ഏപ്രിൽ 16 മുതൽ

തളിപ്പറമ്പ: ഖുവ്വത്തുൽ ഇസ്ലാം മസ്ജിദ് വിപുലീകരണാർത്ഥം പ്രഭാഷകരായ സിറാജുദീൻ ഖാസിമി പത്തനാപുരം, ഹാഫിള് അഹ്മദ് കബീർ ബാഖവി, സിദിഖ് വാഫി ആലിന്തറ എന്നിവരെ ഉൾപ്പെടുത്തി ഏപ്രിൽ 16, 17, 18 തീയതികളിൽ സയ്യിദ് നഗർ ഈദ്ഗാഹ് ഗ്രൗണ്ടിൽ ത്രിദിന മത പ്രഭാഷണ പരമ്പര നടത്താൻ ഖുവ്വത്തുൽ ഇസ്ലാം അറബി മദ്രസ ആന്റ് കോളേജ് കമ്മിറ്റി തീരുമാനിച്ചു. പരിപാടിയുടെ വിജയത്തിനായി മദ്രസ ഹാളിൽ ചേർന്ന സ്വാഗതസംഘം രൂപീകരണ യോഗം പ്രിൻസിപ്പാൾ ബ്ലാത്തൂർ അബ്ദുറഹ്മാൻ ഹൈതമി ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് കെ.പി. മുഹമ്മദ്കുഞ്ഞിഹാജി അധ്യക്ഷത വഹിച്ചു. സെക്രട്ടറി കെ.പി. ലുഖ്മാൻ സ്വാഗതവും ട്രഷറർ സി.കെ.പി. ഹാഷിം ഹാജി നന്ദിയും പറഞ്ഞു

അഹിംസാ യാത്രക്ക് ശ്രീകണ്ഠപുരത്ത് സ്വീകരണം

ശ്രീകണ്ഠപുരം: ജനാധിപത്യ സംരക്ഷണത്തിനും സാമൂഹി സമാധാനത്തിനുവേണ്ടി പീപ്പിൾസ് മൂവ്മെന്റ് ഫോർ പീസ് ചെയർമാൻ ഡോ. സ്കറിയ കല്ലൂർ നയിക്കുന്ന അഹിംസാ സന്ദേശ യാത്രക്ക് ശ്രീകണ്ഠപുരത്തെ പൗരാവലിയുടെ വരവേൽപ്പ്. സ്വീകരണ സമ്മേളനം വ്യാപാരി ഏകോപന സമിതി നേതാവ് സി.സി. മമ്മു ഹാജി ഉദ്ഘാടനം ചെയ്തു. പീപ്പിൾ മൂവ്മെന്റ് ഫോർ പീസിന്റെ ഇരിക്കൂർ നിയോജക മണ്ഡലം ചെയർമാൻ കെ.പി. ഇബ്രാഹിം അധ്യക്ഷത വഹിച്ചു. ഫാദർ സ്കറിയാ കല്ലൂർ, പ്രിൻസ്, അഡ്വ. ബിനോയ് തോമസ്, ഹരിദാസ് മംഗലശേരി, സി. പ്രമീള, സി.കെ. അലക്സ്, സി.പി. ശിഹാബുദീൻ, വി. നിയാസ്, നൗഷാദ് ചേലേരി എന്നിവർ സംസാരിച്ചു.

ഇംഗ്ലീഷ് എളുപ്പമാക്കാൻ 'ഹലോ ഇംഗ്ലീഷ്'

തളിപ്പറമ്പ: ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്താൻ സംസ്ഥാനത്തെ പ്രാഥമിക വിദ്യാലയങ്ങളിൽ നടപ്പാക്കുന്ന 'ഹലോ ഇംഗ്ലീഷ്' പരിപാടിക്ക് കണ്ണൂരിൽ തുടക്കമായി. തളിപ്പറമ്പ് നോർത്ത് ഉപജില്ലയിലെ പൂമംഗലം യു.പി സ്കൂളിലാണ് ഹലോ ഇംഗ്ലീഷിന്റെ ജില്ലാതല പരിശീലനം നടക്കുന്നത്. ആസ്വാദ്യകരമായ അന്തരീക്ഷത്തിലൂടെ ഇംഗ്ലീഷ് പഠനം അനായാസകരമാക്കുന്നതിനുള്ള എസ്.എസ്.എയുടെ പഠന പോഷണ പരിപാടിയാണ് 'ഹലോ ഇംഗ്ലീഷ്' പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കുന്ന ഹലോ ഇംഗ്ലീഷ് സംസ്ഥാനതല ട്രൈ ഔട്ട് ആലപ്പുഴ പ്രീതികുളങ്ങര എൽ.പി സ്കൂളിലാണ് നടന്നത്.

ഈ വർഷം ജില്ലയിൽ ഒരു വിദ്യാലയത്തിലാണ് പരിപാടി നടപ്പാക്കുന്നത്. അവധിക്കാലത്ത് അധ്യാപകർക്ക് പരിശീലനം നൽകുകയും അടുത്ത വർഷം മുതൽ മുഴുവൻ വിദ്യാലയങ്ങളിലേക്കും പദ്ധതി വ്യാപിപ്പിക്കുകയും ചെയ്യും. ഇംഗ്ലീഷ്. നന്നായി സംസാരിക്കുക, ഒഴുക്കോടെ വായിക്കുക, പുസ്തകങ്ങൾ വായിച്ച് ആശയപ്രകടനം നടത്തുക, ഇംഗ്ലീഷിൽ ആവിഷ്ക്കാരം നടത്തുക തുടങ്ങിയ കഴിവുകൾ പരിശീലനത്തിലൂടെ വിദ്യാർത്ഥികൾക്ക് സ്വായത്തമാക്കാൻ സാധിക്കും.

ജില്ലാതല ട്രൈഔട്ട് അവലോകനം ചെയ്യുന്നതിന് ഡയറ്റ് പ്രിൻസിപ്പൽ കെ. പ്രഭാകരൻ, എസ്.എസ്.എ ജില്ലാ പ്രൊജക്ട് ഓഫീസർ ഡോ. പി.വി. പുരുഷോത്തമൻ, പ്രോഗ്രാം ഓഫീസർമാരായ കെ. അശോകൻ, ടി.പി.വേണുഗോപാലൻ എന്നിവർ പൂമംഗലം യു.പി സ്കൂൾ സന്ദർശിച്ചു.

അംഗൻവാടി കുട്ടികളുടെ കലോത്സവം നടത്തി

കാർത്തികപുരം: ഉദയഗിരി ഗ്രാമപഞ്ചായത്തിലെ 23 അംഗൻവാടികളിലെ കുട്ടികളുടെ കലാവാസനകളെ പരിപോഷിപ്പിക്കുന്നതിനായി കുട്ടികളുടെ കലാപരിപാടികൾ കാർത്തികപുരം പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വെച്ച് നടത്തി. പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ തോമസ് വെക്കത്താനത്തിന്റെ അധ്യക്ഷതയിൽ പഞ്ചായത്ത് പ്രസിഡണ്ട് മിനി മാത്യു ഉദ്ഘാടനം ചെയ്തു. സരിത മാത്യു, പി.വി. സരിത, ജോസഫ് വട്ടക്കൊട്ടയിൽ, മാനുവൽ വടക്കേമുറി, വി.ബി. രമ, ഡെയ്സി ടീച്ചർ, പ്രീത പ്രകാശ്, തങ്കമ്മ ദാനോദരൻ, അംഗൻവാടി സൂപ്പർവൈസർ കെ.ജി. നളിനമ്മ, എൻ. ഷേർളി സംസാരിച്ചു.

അറിയിപ്പ്

പാപ്പിനിശേരി: പാപ്പിനിശേരി ഗ്രാമപഞ്ചായത്തിലെ 2017 -18 സാമ്പത്തിക വർഷത്തെ കെട്ടിട നികുതി ഡി. ആന്റ് ഒ ലൈസൻസ് ഫീസ് എന്നിവ സ്വീകരിക്കുന്നതിന് 31 വരെയുള്ള എല്ലാ അവധി ദിവസങ്ങളിലും ഓഫീസ് തുറന്ന് പ്രവർത്തിക്കും.